# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:254 10.12.2018-ൽ മറുപടിയ്ക്ക്

## ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ.ജോസഫ്<br>ഡോ.എൻ. ജയരാജ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | എ) ഓഖി ദുരന്തത്തിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനായി 741.60 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി യിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും 741.60 ലക്ഷം രൂപ ഫിഷറീസ് ഡയറക്ടർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വിവിധ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. ഓഖിയിൽ വീട് നഷ്ടപ്പെട്ട 5 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തിരുവന ന്തപുരം ജില്ലയിൽ ഇതിനകം ഫ്ളാറ്റ് കൈമാറിക്കഴിഞ്ഞു. |
| ബി) വീട് നഷ്ടപ്പെട്ടവരിൽ വലിയതുറ പ്രദേശത്തിന് പുറമെയുള്ളവർക്ക് വീട് നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലെത്തിയെന്നറിയിക്കാമോ; | ബി) സംസ്ഥാനത്തൊട്ടാകെ ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 72 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ച് പുനരധിവസിപ്പി ക്കാൻ നടപടി എടുത്തു വരുന്നു. |

| | |
|---|---|
| സി) വീട് നഷ്ടപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും പകരം വീട് ഉറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ? | സി) ഓഖിയിൽ ഭവനം നഷ്ടപ്പെട്ട 72 കുടുംബങ്ങൾക്കും അവരുടെ പങ്കാളിത്തം ഉറപ്പാക്കി ഭൂമി വാങ്ങി ഭവനം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ